(ഡി) സംസ്ഥാനത്തെ എക്സൈസ് ഗോഡൗണുകളിൽ സൂക്ഷിച്ചിട്ടുള്ള അനധികൃത സ്പിരിറ്റ് എത്ര ലിറ്റർ വരുമെന്നും ഇത്തരം സ്പിരിറ്റുകൾ കേസ്സുകൾ കഴിഞ്ഞാൽ എന്താണ് ചെയ്യാറുള്ളതെന്നും അറിയിക്കുമോ?

ഉത്തരം

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം കൊല്ലം ജില്ലയിൽ കുപ്പണ എന്ന സ്ഥലത്ത് വ്യാജമദ്യ ദുരന്തം ഉണ്ടായി. ഇതിൽ 7 പേർ മരണപ്പെട്ടു. 2 പേർക്ക് കാഴ്ച നഷ്ടപ്പെട്ടു.

(ബി) എക്സൈസ് ഉദ്യോഗസ്ഥരെ പ്രതിയാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 32 എക്സൈസ് ഉദ്യോഗസ്ഥന്മാർക്കെതിരെ വകുപ്പുതലത്തിൽ ശിക്ഷണനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) 19-5-2001 മുതൽ 31-5-2005 വരെ സ്പിരിറ്റ് കടത്തൽ, വ്യാജമദ്യം എന്നീ വിഭാഗങ്ങളിൽ 23193 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ പ്രതികളായിട്ടില്ല.

(ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

എം. എൽ. എ. ഫണ്ടിൽ നിന്നുള്ള പ്രവർത്തനങ്ങൾക്ക് വാറ്റ് ഈടാക്കുന്ന നടപടി

25 [482] ശ്രീ. തോമസ് ഉണ്ണിയാടൻ:

" സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 ഏപ്രിൽ മാസത്തിനുമുമ്പ് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച് ഉടമ്പടി ഒപ്പിട്ട് എം. എൽ. എ. ഫണ്ടിൽ നിന്നുള്ള പ്രവർത്തനങ്ങൾ 2005 ഏപ്രിൽ മുതൽ പൂർത്തീകരിച്ച് ബിൽ സമർപ്പിക്കുമ്പോൾ എസ്റ്റിമേറ്റിൽ പറയാത്ത 4 ശതമാനം വാറ്റ് ഈടാക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇങ്ങനെ എസ്റ്റിമേറ്റിൽ പറയാത്ത തുക കൺവീനർമാരിൽനിന്നും ഈടാക്കുന്ന നടപടി അവസാനിപ്പിക്കാനും പിടിച്ച തുക തിരികെ കൊടുക്കാനും സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) ഇതിനെതിരെ നിലവിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ ഇവയ്ക്കെതിരെ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly